# വിശ്വാസം

## എബ്രായർ 11:1

**"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു."**

പ്രിയരേ, വിശ്വാസത്താൽ ദൈവത്തോട് ചേർന്ന് നിന്ന്, ദൈവത്തിന്നു വേണ്ടി വീര്യം പ്രവർത്തിച്ചവരായ പഴയനിയമ പിതാക്കന്മരെക്കുറിച്ച്, അവരുടെ വിശ്വാസത്തിന്റെ പ്രവൃത്തികളെക്കുറിച്ച് വിവരിക്കുന്ന ഒരദ്ധ്യായമാണല്ലോ ഇത്. അതിന്റെ ആദ്യവചനമാണ് നാം മേൽ വായിച്ചത്. വിശ്വാസത്തിൽ അടിസ്ഥാനമിടുവാൻ 2 കാര്യങ്ങൾ പ്രധാനമായും വേണമെന്ന് ഈ വചന ഭാഗത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. ആദ്യമായി ദൈവത്തോട് ചേർന്നു നിൽക്കുവാനുള്ള ഒരു ആശ അല്ലെങ്കിൽ വാഞ്ച ഉണ്ടായിരിക്കണം. മറ്റൊന്ന് ദൈവത്തിലും അവന്റെ പ്രവൃത്തിയിലും തികഞ്ഞ ഒരു ബോധ്യം അല്ലെങ്കിൽ ഉറപ്പ് ഉണ്ടായിരിക്കണം.

ഈ അദ്ധ്യായത്തിന്റെ 23 മുതൽ 29 വരെയുള്ള വാക്യത്തിൽ മോശയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. മോശയുടെ ജനനത്തിങ്കൽ, അവന്റെ മതാപിതാക്കൾക്ക്, ശിശു സുന്ദരനെന്ന് കാണുവാനും രാജാവിന്റെ കൽപന ഭയപ്പെടാതെ 3 മാസം അവനെ ഒളിപ്പിച്ചു വെയ്ക്കാനും, ദൈവത്തിലുള്ള വിശ്വാസം അവരെ സഹായിച്ചു. മോശ വളർന്നപ്പോൾ; അവന് ഈ ദൈവത്തിലുള്ള വിശ്വാസവും അവനിൽ നിന്നുള്ള പ്രതിഫലവും നോക്കിയതുകൊണ്ടു, അവൻ ഫറവോന്റെ പുത്രിയുടെ മകൻ എന്നുള്ള വിളിപ്പേരും, പാപത്തിന്റെ തത്കാലഭോഗങ്ങളും ഉപേക്ഷിച്ച് മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും, ദൈവജനത്തോടുകൂടെ കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുക്കുകയും ചെയ്തു. പിന്നീടു പറയുന്നു, ഈ ദൈവത്തിലുള്ള അവന്റെ അചഞ്ചലവിശ്വാസത്താൽ അവൻ അദൃശ്യനായ ദൈവത്തെ കണ്ടതുപോലെ ഉറച്ചുനിന്നതുകൊണ്ട് രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയീം വിട്ടുപോരുവാൻ അവനെ ഇടയാക്കി എന്ന്. അതേ വിശ്വാസത്തിന്റെ ആഴങ്ങൾ, കടിഞ്ഞൂലുകളുടെ സംഹാരകൻ അവരെ തൊടാതിരിപ്പാൻ, പെസഹയും, ചോരത്തളിയും ആചരിക്കുവാനും, കരയിൽ എന്നപോലെ ചെങ്കടലിൽ കൂടി തന്റെ ജനത്തെ കടത്തിക്കൊണ്ടു പോകുവാനും അവനെ പ്രാപ്തനാക്കിത്തീർത്തു.

പ്രിയ ദൈവജനമേ, മോശയുടെ ജീവിതത്തിൽ നിന്നു മാത്രം പ്രതിപാദിച്ചിരിക്കുന്ന ഭാഗമെടുത്താണല്ലോ നാം ചിന്തിച്ചു വന്നത്. അപ്രകാരം തന്നെ നമ്മുടെയും ജീവിതത്തിൽ ഈ ദൈവത്തോടു ചേർന്നു നിൽക്കാനുള്ള ആശയും, അവന്റെ പ്രവൃത്തികളുടെ മേൽ

ഉള്ള ഉറപ്പും നമ്മെ ഈ ലോകത്തിൽ നിന്നും, ലോകത്തിന്റെ അനുഭവങ്ങളിൽ നിന്നും വേറിട്ടു നിന്നുകൊണ്ട് അവന്നായി പ്രത്യാശിക്കുവാൻ ഇടയാക്കിത്തീർക്കും. അത് ഇന്നോ നാളെയോ കൊണ്ടു സാധ്യമാകുന്ന ഒരു കാര്യമല്ല. ദൈവത്തോടു ചേർന്ന് നിൽക്കുമ്പോൾ അവൻ നമ്മെ അതിന്നു പാകപ്പെടുത്തി എടുക്കും. മോശയുടെ ജീവിതം അതിന് നല്ല ഒരു ഉദാഹരണമാണ്. ദൈവജനത്തെ ഫറവോന്റെ കൈയ്യിൽ നിന്നും വിടുവിപ്പാൻ നേതൃനിരയിലേക്ക് കൊണ്ടുവരുന്നതിന്നു വേണ്ടി ദൈവം അവനെ ഒരു ആട്ടിടയനായി മരുഭൂമിയിൽ ആക്കിവെച്ചു.

ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടുന്ന ഒരു കാര്യം, എനിക്കു ദൈവത്തിൽ വിശ്വാസം ഉണ്ടെന്നു പറയുകയും നമ്മുടെ ജീവിതത്തിന്റെ കാര്യങ്ങൾ നാം തന്നെ ക്രമീകരിക്കുവാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ അത് നമ്മെ പരാജയങ്ങളിലേക്ക് നയിക്കുക തന്നെ ചെയ്യും. ഒരു പക്ഷെ അവിടെ നാം ദൈവത്തെ പഴി പറഞ്ഞ് തള്ളിക്കളയാൻ ഇടയായിത്തീരും. എന്നാൽ വിശ്വാസത്താൽ നമ്മുടെ ജീവിതം ദൈവത്തിന്നു ഭരമേൽപ്പിച്ചാൽ അവൻ അവന്റെ പദ്ധതിയിൻ പ്രകാരം നമ്മെ മുമ്പോട്ട് നടത്തും. അത് ചില നാളുകൾക്കു വേണ്ടി മാത്രമുള്ളതല്ല, നിത്യതയോളം നമ്മെ നടത്തുവാൻ അവൻ മതിയായവനാണ്. അപ്രകാരം നമ്മുടെ ജീവിതത്തെ ക്രമീകരിച്ചു കൊണ്ട് ഈ നല്ല ദൈവത്തിൽ ആഴമായി വിശ്വസിക്കുകയും അവനെ ജീവകാലമൊക്കെയും സ്നേഹിക്കുകയും ചെയ്യാം. അതിനായി ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**

യിരെമ്യാവു 29:11

നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 156